# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2701** **14.12.2015 - ൽ** മറുപടിക്ക്

**പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജലവിതരണത്തിനായുളള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കാലപ്പഴക്കം ചെന്ന പൈപ്പുകളിലെ ചോർച്ച മൂലം ശുദ്ധജലം പാഴായി പോകുന്നത് ഒഴിവാക്കുവാനും, മലിനജലം വിതരണ ശൃംഖലകളിൽ കയറുന്നത് തടയാനും, അറ്റകുറ്റപ്പണികൾക്കായി വൻതുക ചെലവാക്കുന്നത് തടയാനും, തന്മൂലം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുവാനുമാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | ജലവിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി വർഷങ്ങൾക്കുമുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട നഗര ശുദ്ധജലവിതരണ പദ്ധതികളുടെയും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുടെയും കേടായ പൈപ്പ്ലൈനുകൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റിമെയിനുകൾ, വിതരണലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിലേക്കായി 2011 മുതൽ സംസ്ഥാന ബജറ്റിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ തുക വകകൊളളിച്ചിരിക്കുന്നു.<br><br>വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തിയും ത്രിതല പഞ്ചായത്തുകളുടെ ഡെപ്പോസിറ്റ് വർക്കായും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത്യാവശ്യമായി മാറ്റി സ്ഥാപിക്കേണ്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്.<br><br>കൂടാതെ നബാർഡ് ഫണ്ട് ഉപയോഗിച്ചും ചില പദ്ധതികളുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ